"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്- പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്ക്, പെരുമാട്ടി വില്ലേജ്, ബ്ലോക്ക് 43, റീസർവ്വേ നമ്പർ 722/3/1 ൽ ഉൾപ്പെട്ട 0.4492 ഹെക്ടർ (44.92 ആർ) സർക്കാർ പുറമ്പോക്ക് ഭൂമി പെരുമാട്ടി ഗ്രാമ പഞ്ചായത്തിന്, കമ്പോള വിലയുടെ 1 % പാട്ട നിരക്കിൽ, 29,648/- രൂപ (ഇരുപത്തി ഒൻപതിനായിരത്തി അറുനൂറ്റി നാല്പത്തിയെട്ട് രൂപ മാത്രം) വാർഷിക പാട്ടത്തിന് കളിസ്ഥലം നിർമ്മിക്കുന്നതിനായി 10 വർഷത്തേക്ക് പാട്ടത്തിന് നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ ( യു ) വകുപ്പ്**

സ.ഉ.(കൈ) നം.85/2026/RD തീയതി,തിരുവനന്തപുരം, 19-02-2026

---

പരാമർശം:- 1. 27/12/2023-ലെ സ.ഉ(കൈ) നം.287/2023/RD നമ്പർ ഉത്തരവ്.

2. 29/03/2025-ലെ സ.ഉ(കൈ) നം.88/2025/RD നമ്പർ ഉത്തരവ്.

3. പെരുമാട്ടി ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടിന്റെ 22/01/2026 ലെ അപേക്ഷ

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്ക്, പെരുമാട്ടി വില്ലേജ് ബ്ലോക്ക് 43, റീസർവ്വേ നമ്പർ 722/3/1 ൽ ഉൾപ്പെട്ട 0.4492 ഹെക്ടർ (44.92 ആർ) സർക്കാർ പുറമ്പോക്ക് ഭൂമി പെരുമാട്ടി ഗ്രാമ പഞ്ചായത്തിന്, കമ്പോള വിലയുടെ 1 % പാട്ട നിരക്കിൽ, 29648/- രൂപ (ഇരുപത്തി ഒൻപതിനായിരത്തി അറുനൂറ്റി നാല്പത്തിയെട്ട് രൂപ മാത്രം) വാർഷിക പാട്ടം കണക്കാക്കി കളിസ്ഥലം നിർമ്മിക്കുന്നതിനായി 10 വർഷത്തേക്ക് പരാമർശം ( 1 ) പ്രകാരം പാട്ടത്തിന് അനുവദിച്ചിരുന്നു.

2) പാട്ടത്തുക ഒടുക്കുന്നതിന് പഞ്ചായത്ത് അധികൃതർ തയ്യാറാകാത്ത സാഹചര്യത്തിൽ പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

3) പാട്ടത്തുക ഒടുക്കുന്നതിനായി തനതു ഫണ്ടിൽ നിന്നും 1,00,000/- രൂപ വകയിരുത്തിയിട്ടുണ്ടെന്നും, പാട്ടത്തുക ഒടുക്കുന്നതിന് തയ്യാറാണെന്നും, ആയതിനാൽ പാട്ടം റദ്ദ ചെയ്തത് പുനഃ പരിശോധിക്കണമെന്നും പെരുമാട്ടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പരാമർശം (3) പ്രകാരം അപേക്ഷിച്ചിരുന്നു.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതുപ്രകാരം, പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്ക്, പെരുമാട്ടി വില്ലേജ്, ബ്ലോക്ക് 43, റീസർവ്വേ നമ്പർ 722/3/1 ൽ ഉൾപ്പെട്ട 0.4492 ഹെക്ടർ (44.92 ആർ) സർക്കാർ പുറമ്പോക്ക് ഭൂമി പെരുമാട്ടി ഗ്രാമ പഞ്ചായത്തിന്, കമ്പോള വിലയുടെ 1 % പാട്ട നിരക്കിൽ, 29648/- രൂപ (ഇരുപത്തി ഒൻപതിനായിരത്തി അറുനൂറ്റി നാല്പത്തിയെട്ട് രൂപ മാത്രം) വാർഷിക പാട്ടത്തിന് കളിസ്ഥലം നിർമ്മിക്കുന്നതിനായി ചുവടെ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി 10 വർഷത്തേക്ക് പാട്ടത്തിന് നൽകി ഉത്തരവാകുന്നു .

1) ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;

2) ഭൂമി ഏതെങ്കിലും ധനകാര്യസ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല;

3) ഭൂമി ഉപപാട്ടത്തിന് / തറവാടകയ്ക്ക് നൽകുവാനോ, ദുരുപയോഗപ്പെടുത്തുവാനോ പാടില്ല;

4) ഭൂമി എല്ലാ തരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും പെരുമാട്ടി ഗ്രാമ പഞ്ചായത്ത് തന്നെ സംരക്ഷിച്ച് നിർത്തേണ്ടതാണ്;

5) ഭൂമിയിലെ മരങ്ങൾ ജില്ലാ കളക്ടറുടെ മുൻകൂർ അനുവാദം വാങ്ങിയ ശേഷമേ മുറിക്കാൻ പാടുള്ളു മുറിക്കുന്ന മരങ്ങളുടെ ചട്ടപ്രകാരമുള്ള വില പാട്ടകക്ഷി ഒടുക്കുവരുത്തേണ്ടതാണ്. കൂടാതെ സ്ഥല ലഭ്യതകൂടി കണക്കിലെടുത്ത് മുറിക്കുന്നതിന്റെ അനുപാതികമായുള്ള വൃക്ഷ തൈകൾ നട്ടുവളർത്തി പരിപാലിക്കേണ്ടതാണ്;

6) ഓരോ മൂന്ന് വർഷം തോറും കമ്പോള വില അനുസരിച്ച് പാട്ടം പുതുക്കേണ്ടതാണ്;

7) മൂന്ന് വർഷത്തെ വാർഷിക പാട്ടം മുൻകൂറായി ഒടുക്കേണ്ടതാണ്. പാട്ടതുക ഒടുക്കുന്നതിൽ വീഴ്ച വരുന്ന പക്ഷം നിശ്ചയിച്ച പാട്ടത്തുകയുടെ 2% പിഴ പലിശ ഈടാക്കുന്നതുമാണ്;

8)പാട്ടവസ്തുവിൽ നിന്നും ഭാവിയിൽ റോഡ് വികസനം, സർവ്വീസ് ലൈനുകൾ സ്ഥാപിക്കൽ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്ക് സ്ഥലം ആവശ്യമായി വരികയാണെങ്കിൽ ആയത് നിർബന്ധമായും നഷ്ടപരിഹാരം കൂടാതെ സർക്കാരിന് നൽകേണ്ടതാണ്;

9) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ് .

(5) ഇത് സംബന്ധിച്ച നിയമാനുസൃത തുടർ നടപടികൾ പാലക്കാട് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതും വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഗീത എ ഐ എ എസ്

അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മിഷണർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ (എ&ഇ /ഓഡിറ്റ്) തിരുവനന്തപുരം

ജില്ലാ കളക്ടർ, പാലക്കാട്

ധനകാര്യ (EXP-D ) വകുപ്പ്

പ്രസിഡന്റ്, പെരുമാട്ടി ഗ്രാമ പഞ്ചായത്ത്, വണ്ടിത്താവളം പി ഓ, പാലക്കാട്.

പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sindhu L V
സെക്ഷൻ ഓഫീസർ
Date: 19-02-2026 15:09:08

പകർപ്പ് :- ബഹു റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂ വകുപ്പ് സെക്രട്ടറിയുടെ പി എ